# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഫെബ്രുവരി 04

## വാർത്താസമ്മേളനക്കുറിപ്പ്

### 'സി.എം. അറ്റ് കാമ്പസ്

### 'നവകേരളം-യുവകേരളം'; വിദ്യാർഥികളുമായി സംവദിക്കാൻ മുഖ്യമന്ത്രി എട്ടിന് എം.ജി. സർവകലാശാലയിൽ

ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ ഫെബ്രുവരി എട്ടിന് മഹാത്മാഗാന്ധി സർവകലാശാല കാമ്പസിൽ മഹാത്മാഗാന്ധി, ശ്രീ ശങ്കരാചാര്യ സർവകലാശാലയിലെ വിദ്യാർഥി പ്രതിഭകളുമായി സംവദിക്കും. 'നവകേരളം യുവകേരളം- ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാവി' എന്ന വിഷയത്തിൽ വിദ്യാർഥികൾ നൂതനാശയങ്ങളും കാഴ്ചപ്പാടുകളും മുഖ്യമന്ത്രിയുമായി പങ്കുവയ്ക്കും.

രാവിലെ 11ന് സർവകലാശാല ഗ്രൗണ്ടിൽ പ്രത്യേകം തയാറാക്കിയ വേദിയിൽ നടക്കുന്ന 'സി.എം. അറ്റ് കാമ്പസ്' സംവാദപരിപാടിയിൽ കലാ-കായിക-വിദ്യാഭ്യാസ രംഗത്ത് മികവ് തെളിയിച്ച 200 വിദ്യാർഥികൾ നേരിട്ടും ആയിരത്തിലധികം വിദ്യാർഥികൾ ഓൺലൈനായും പങ്കെടുക്കും. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ, മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, ശ്രീ ശങ്കരാചാര്യ സർവകലാശാല വൈസ് ചാൻസലർ ഡോ. പി.കെ. ധർമ്മരാജൻ എന്നിവർ പങ്കെടുക്കും. വീണ ജോർജ് എം.എൽ.എ.യാണ് പരിപാടിയുടെ അവതാരക. രാവിലെ 9.30ന് വിദ്യാർഥി രജിസ്ട്രേഷൻ ആരംഭിക്കും. 10.15ന് അശ്വമേധം ഫെയിം ജി.എസ്. പ്രദീപ് നയിക്കുന്ന 'ഇൻസ്പയർ കേരള' പരിപാടി നടക്കും. തുടർന്ന് വീഡിയോപ്രദർശനം. 11 മുതലാണ് സംവാദം.

സംവാദ പരിപാടിയുടെ തത്സമയസംപ്രേഷണം വിദ്യാർഥികൾക്ക് കാണുന്നതിന് കോളജുകളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഒഫീഷ്യൽ ഫേസ്ബുക്ക് പേജിലൂടെയും സർവകലാശാലയുടെ ഒഫീഷ്യൽ ഫേസ് ബുക്ക് പേജിലൂടെയും യൂട്യൂബ് ചാനലിലൂടെയും വെബ്സൈറ്റിലൂടെയും പരിപാടി തത്സമയം കാണാം. ഇരു സർവകലാശാലയിലേയും ഉന്നതവിദ്യാഭ്യാസത്തെപ്പറ്റി വ്യക്തമായ ആശയവും കാഴ്ചപ്പാടുമുള്ള വിദ്യാർഥികൾക്ക് ഓൺലൈൻ പോർട്ടലിലൂടെ രജിസ്റ്റർ ചെയ്ത് ആശയങ്ങൾ അപ് ലോഡ് ചെയ്യാൻ അവസരം നൽകിയിരുന്നു. വിദ്യാർഥികളുടെ ആശയങ്ങളും കാഴ്ചപ്പാടുകളും ഉൾക്കൊണ്ട് ലോകനിലവാരത്തിലുള്ള വിദ്യാഭ്യാസരീതിയിലൂടെ നവകേരളം സൃഷ്ടിക്കാനുതകുന്ന പാഠ്യപദ്ധതിയുടെ സാധ്യതകളാണ് 'നവകേരളം - യുവകേരളം' മുന്നോട്ടുവയ്ക്കുന്നത്.

വിദ്യാർഥികളുടെ നൂതന ആശയങ്ങൾ കണ്ടുപിടുത്തങ്ങളായി മാറ്റുക, മൾട്ടിഡിസിപ്ലിനറി വിദ്യാഭ്യാസം എന്ന സങ്കല്പം പ്രാവർത്തികമാകുന്ന രീതിയിൽ ഉന്നതവിദ്യാഭ്യാസരംഗം മാറ്റുക, കണ്ടുപിടുത്തങ്ങളും നൂതന ആശയങ്ങളും സമൂഹത്തിന്

ഉപകാരപ്പെടുന്ന നിലയിൽ സ്റ്റാർട്ടപ്പുകൾപോലുള്ള വ്യാവസായികസംരംഭത്തിലേക്ക് നയിക്കുക, മാനവവിഭവശേഷി പരിശീലനത്തിന് മുൻതൂക്കം നൽകി ഉയർന്ന തൊഴിൽ സാധ്യതകളും സുരക്ഷിതമായ ഭാവിയും ഉറപ്പുനൽകുന്ന രീതിയിൽ ബിരുദ-ബിരുദാനന്തര ഗവേഷണപദ്ധതികൾ സാധ്യമാക്കുക, സമത്വം, ലഭ്യത, ഉൾക്കൊള്ളൽ എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കി ഉന്നതവിദ്യാഭ്യാസരംഗത്ത് ആരോഗ്യപരമായ മാറ്റങ്ങൾ വിഭാവനം ചെയ്യുക എന്നിവയും പരിപാടി ലക്ഷ്യമിടുന്നു.

വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി. ഷാനവാസ്, ഡോ. എ. ജോസ്, ഡോ. വർഗീസ് ചെറിയാൻ, പ്രൊഫ. പി. ഹരികൃഷ്ണൻ, ഡോ. എസ്. ഷാജില ബീവി, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

(പി.ആർ.ഒ/39/186/2021)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഫെബ്രുവരി 04

# വാർത്താക്കുറിപ്പ് - 2

## പരീക്ഷകൾ മാറ്റി

മഹാത്മാഗാന്ധി സർവകലാശാല ഇന്ന് (ഫെബ്രുവരി 5) നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. (ത്രിവത്സരം - 2019 അഡ്മിഷൻ റഗുലർ/2018 അഡ്മിഷൻ സപ്ലിമെന്ററി, ഒന്നാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം - 2013-2017 അഡ്മിഷൻ സപ്ലിമെന്ററി/2012 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്/2011 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്/2011 അഡ്മിഷൻ മൂന്നാം മേഴ്സി ചാൻസ്), അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം-2008-2010 അഡ്മിഷൻ സപ്ലിമെന്ററി/2007 അഡ്മിഷൻ ആദ്യ മേഴ്സിചാൻസ്/2006 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്/2006ന് മുമ്പുള്ള അഡ്മിഷൻ മൂന്നാം മേഴ്സി ചാൻസ് (കോമൺ) പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/186/2021)

## പരീക്ഷ തീയതി

ആറാം സെമസ്റ്റർ ബി.ആർക് - ഇലക്ടീവ് 2 ബിൽഡിംഗ് ഓട്ടോമേഷൻ ആന്റ് സെക്യൂരിറ്റി സിസ്റ്റംസ്/ഇന്റലിജന്റ് ബിൽഡിംഗ് സിസ്റ്റംസ് എന്ന വിഷയത്തിന്റെ പരീക്ഷ മാർച്ച് രണ്ടിന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ നടക്കും. പരീക്ഷകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/186/2021)

## പ്രാക്ടിക്കൽ

2020 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.സി.എ. പരീക്ഷയുടെ പ്രാക്ടിക്കൽ ഇന്റേണൽ പരീക്ഷകളായി ഫെബ്രുവരി എട്ടുമുതൽ 20 വരെ അതത് കോളേജുകളിൽ നടക്കും. വിശദവിവരത്തിന് കോളേജ് ഓഫീസുമായി ബന്ധപ്പെടണം.

(പി.ആർ.ഒ/39/186/2021)

## സെനറ്റ് തെരഞ്ഞെടുപ്പ്; അന്തിമ സ്ഥാനാർഥി പട്ടിക പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിലെ സർവകലാശാല ഡിപ്പാർട്ട്മെന്റ് അധ്യാപകരുടെ മണ്ഡലത്തിലെ തെരഞ്ഞെടുപ്പിനുള്ള അന്തിമ സ്ഥാനാർഥി പട്ടിക സർവകലാശാല ഓഫീസിലും ഔദ്യോഗിക വെബ് സൈറ്റിലും പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/186/2021)

## സെനറ്റ് വാർഷിക യോഗം മാർച്ച് 27ന്

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിന്റെ വാർഷികയോഗം മാർച്ച് 27ന് രാവിലെ 10ന് വീഡിയോ കോൺഫറൻസിങ്ങിലൂടെ നടക്കും. യോഗത്തിൽ അവതരിപ്പിക്കാനുള്ള പ്രമേയങ്ങൾ ഫെബ്രുവരി 27ന് മുമ്പും ചോദ്യങ്ങൾ ഫെബ്രുവരി 24ന് മുമ്പും പ്രത്യേകം തയാറാക്കി രജിസ്ട്രാർക്ക് നൽകണം.

(പി.ആർ.ഒ/39/186/2021)

## മൂക്-ഓർഗാനിക് ഫാമിംഗ് പരിശീലനം നടന്നു

മൂക് ഓർഗാനിക് ഫാമിങ്ങുമായി ബന്ധപ്പെട്ട് കോളേജ് തല കോർഡിനേറ്റർമാർക്കുള്ള പരിശീലനം നടന്നു. സർവ്വകലാശാലാ പ്രൊ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. സിൻഡിക്കേറ്റ് അംഗം അഡ്വ.കെ ഷാനവാസ് അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റ് അംഗം ഡോ. കെ.എം. സുധാകരൻ, ഡോ. സന്തോഷ് പി. തമ്പി, ഡോ.ജിഷ എന്നിവർ സംസാരിച്ചു. ഡോ. എൻ. കെ. ശശിധരൻ, ഡോ. ഡി. അംബികാ ദേവി എന്നിവർ ക്ലാസെടുത്തു.

(പി.ആർ.ഒ/39/186/2021)

## ഫാക്കൽറ്റി ഡെവലപ്‌മെന്റ് പ്രോഗ്രാം; അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ അധ്യാപകർക്കും ഗവേഷകർക്കുമായി 'പോസിറ്റീവ് സൈക്കോളജിക്കൽ ക്യാപിറ്റൽ ഓഫ് കോളേജ് സ്റ്റുഡന്റ്സ് ആന്റ് റോൾ ഓഫ് ടീച്ചേഴ്സ് എന്ന വിഷയത്തിൽ ഒരാഴ്ചത്തെ ഫാക്കൽറ്റി ഡെവലപ്‌മെന്റ് പ്രോഗ്രാം നടത്തുന്നു. യു.ജി.സി. സ്ട്രൈഡ് പദ്ധതിയുടെ കീഴിൽ സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് ആണ് പ്രോഗ്രാം സംഘടിപ്പിക്കുന്നത്. മനശാസ്ത്ര കൗൺസലിംഗ്, മെന്ററിംഗ് എന്നീ വിഷയങ്ങൾ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപ. താല്പര്യമുള്ളവർ https://forms.gle/v9GVf4i2orm6rdpr5 എന്ന ലിങ്കിൽ പേര് രജിസ്റ്റർ ചെയ്യണം. വിശദവിവരത്തിന് ഫോൺ: 0481-2730922/8848301761/9995582671. UGC STRIDE COMPONENT - I, A/C No. 39226012194, IFS Code: SBIN0070669, SBI M.G University Campus Branch, P.B No. 4 എന്ന വിലാസത്തിൽ ഫീസടയ്ക്കണം.

_(പി.ആർ.ഒ/39/186/2021)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ